# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1144 14.06.2012 - ൽ മറുപടിക്ക്**

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ :**<br>**ശ്രീ. പി.കെ. ഗുരുദാസൻ :**<br>**ശ്രീ. ബാബു. എം. പാലിശ്ശേരി :**<br>**ഡോ. കെ.ടി. ജലീൽ :** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രൂപവൽക്കരിച്ചിട്ടുണ്ടോ ; കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പ്രോജക്ടിന് വേണ്ടി സ്വരൂപിക്കപ്പെട്ട തുകയെത്രയാണ് ; | (എ) ഉണ്ട്. പ്രോജക്ടിനു വേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇതുവരെ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. |
| (ബി) ഈ പ്രോജക്ട് വഴി ലക്ഷ്യമിട്ട റോഡുകളിൽ എത്ര കിലോമീറ്റർ മുൻവർഷം പൂർത്തിയായിട്ടുണ്ട് ; ലക്ഷ്യം എത്രയായിരുന്നു ; ഈ വർഷം നിർമ്മാണം ആരംഭിച്ചവ എത്ര കിലോമീറ്റർ വരുമെന്ന് വ്യക്തമാക്കാമോ ? | (ബി) ഈ പദ്ധതിയിൻ കീഴിൽ നവീകരണത്തിനായി മുൻവർഷം റോഡുകൾ ഒന്നും ഏറ്റെടുക്കുകയുണ്ടായില്ല. നടപ്പ് സാമ്പത്തിക വർഷം 551 കി.മീ. റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ